ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 04.07.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഭീകരവാദികൾക്ക് അഭയം നൽകുന്ന രാജ്യങ്ങളെ അന്താരാഷ്ട്ര സമൂഹം ഒറ്റപ്പെടുത്തണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി; പ്രധാനമന്ത്രിയുടെ റഷ്യൻ സന്ദർശനത്തിന് തിങ്കളാഴ്ച തുടക്കം

   **Prime Minister Narendra Modi said the international community should isolate countries that harbor terrorists; the Prime Minister's visit to Russia begins on Monday**

2. ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ രണ്ട് ദിവസത്തെ കേരള സന്ദർശനത്തിനായി ശനിയാഴ്ച തിരുവനന്തപുരത്തെത്തും

   **Vice President Jagdeep Dhankhar will arrive in Thiruvananthapuram on Saturday for a two-day visit to Kerala**

3. നിതി ആയോഗിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന സമ്പൂർണതാ അഭിയാൻ പദ്ധതിക്ക് രാജ്യത്ത് തുടക്കമായി; കേരളത്തിൽ വയനാടും കാസർഗോഡും പദ്ധതി ആരംഭിച്ചു

   **The Sampoornata Abhiyan project, implemented under NITI Aayog, has been launched in the country; in Kerala, Wayanad and Kasargod have started the project.**

4. കാര്യവട്ടം ക്യാമ്പസിലെ സംഘർഷവുമായി ബന്ധപ്പെട്ട് കേരള നിയമസഭയിൽ പ്രതിപക്ഷ ബഹളം . സഭ നേരത്തേ പിരിഞ്ഞു

**In the Kerala Legislative Assembly, opposition sparred over campus violence in the Karyavattam campus; the house adjourned for the day amid protests**

5. **കേരളത്തിൽ ഏറ്റവും യോഗ്യമായ സ്ഥലത്ത് എയിംസ് വരണമെന്നും വികസനം സംസ്ഥാനത്തിന് മുഴുവൻ അവകാശപ്പെട്ടതാണെന്നും കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി**

**Union Minister of State Suresh Gopi said that AIIMS should come to the most appropriate place in Kerala and the development belongs to the entire state**

6. **ട്വിന്റി 20 ക്രിക്കറ്റ് ലോകകപ്പ് ജേതാക്കളായ ഇന്ത്യൻ ടീമിന് മുംബൈയിൽ ഉജ്വല സ്വീകരണം; യൂറോ കപ്പ്,കോപ്പ അമേരിക്ക ഫുട്ബോൾ ക്വാർട്ടർ ഫൈനൽ മത്സരങ്ങൾക്ക് നാളെ തുടക്കം.**

**The Indian team, winners of the Twenty20 Cricket World Cup, received a warm welcome in Mumbai; The Euro Cup and Copa America football quarter finals will start tomorrow**

**&&&&&&&&&&&&&&&&&&**

## EVE. PM-REMARK SCO-INTRO

ഭീകരവാദത്തെ ഒരു രൂപത്തിലും ന്യായീകരിക്കാനോ അംഗീകരിക്കാനോ കഴിയില്ലെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഭീകരർക്ക് അഭയം നൽകുകയും സുരക്ഷിത താവളമൊരുക്കുകയും ചെയ്യുന്ന രാജ്യങ്ങളെ അന്താരാഷ്ട്ര സമൂഹം ഒറ്റപ്പെടുത്തുകയും തുറന്നുകാട്ടുകയും ചെയ്യണമെന്നും അദ്ദേഹം പറഞ്ഞു.കസാഖ്സ്ഥാനിലെ അസ്താനയിൽ നടക്കുന്ന 24-മത് ഷാങ്ഹായ് സഹകരണ ഉച്ചകോടിയിൽ ഇന്ത്യൻ സംഘത്തെ നയിക്കുന്ന വിദേശകാര്യമന്ത്രി എസ്. ജയശങ്കറാണ് പ്രധാനമന്ത്രിയുടെ

***വിശദാംശങ്ങളിലേക്ക്...***

***(വോയിസ്)***

&&&&&&&&&&&&&&&&&&

## EVE. PM-REMARK SCO-VOICE

ഷാങ്ഹായ് സഹകരണ സംഘടനയുടെ യഥാർത്ഥ ലക്ഷ്യങ്ങളിലൊന്നായ തീവ്രവാദത്തെ ചെറുക്കുന്നതിന് മുൻഗണന നൽകണമെന്ന് പ്രധാനമന്ത്രി തന്റെ സന്ദേശത്തിൽ പറഞ്ഞു. അതിർത്തി കടന്നുള്ള ഭീകര പ്രവർത്തനങ്ങൾക്കെതിരെ ശക്തമായ നടപടി ആവശ്യമാണെന്നും അദ്ദേഹം പറഞ്ഞു. തീവ്രവാദത്തിന് ധനസഹായം നൽകുന്നത് തടയണമെന്നും യുവാക്കൾക്കിടയിൽ ഭീകരത വ്യാപിക്കുന്നത് തടയാൻ സജീവമായ നടപടികൾ കൈക്കൊള്ളണമെന്നും ശ്രീ മോദി അഭിപ്രായപ്പെട്ടു. SCO ഒരു തത്വാധിഷ്ഠിത സംഘടനയാണെന്നും അതിന്റെ സമവായമാണ് അംഗരാജ്യങ്ങളുടെ സമീപനത്തെ നയിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. പരമാധികാരം, സ്വാതന്ത്ര്യം, പ്രാദേശിക സമഗ്രത, സമത്വം,ആഭ്യന്തര കാര്യങ്ങളിൽ ഇടപെടാതിരിക്കൽ, തുടങ്ങിയ വിഷയങ്ങളിൽ അംഗരാജ്യങ്ങൾ പരസ്പര ബഹുമാനം പുലർത്തുന്നത് ശ്രദ്ധേയമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു

. 'വസുധൈവ കുടുംബകം ' എന്ന തത്ത്വത്തെ പ്രചരിപ്പിക്കുന്നതിലൂടെ ജനങ്ങളെ ഒന്നിപ്പിക്കാനും ഒരുമിച്ച് അഭിവൃദ്ധി പ്രാപിക്കാനുമുള്ള ഒരു വേദിയാണ് SCO പ്രദാനം ചെയ്യുന്നതെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു .സംഘടനയുടെ പുതിയ അംഗമായ ബെലാറസിനെ സ്വാഗതം ചെയ്ത ശ്രീ മോദി പ്രസിഡന്റ് അലക്സാണ്ടർ ലുകാഷെങ്കോയെ അഭിനന്ദിക്കുകയും ചെയ്തു. ഷാങ്ഹായ് സഹകരണ സംഘടനയുടെ കഴിഞ്ഞ രണ്ട് ദശാബ്ദങ്ങളിലെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്ന ഉച്ചകോടിയിൽ, പ്രദേശിക, അന്താരാഷ്ട്ര പ്രാധാന്യമുള്ള വിവിധ വിഷയങ്ങളും ചർച്ചയാവും. ഷാങ്ഹായ് രാജ്യങ്ങൾക്കിടയിലെ സാമ്പത്തിക സഹകരണം, സുരക്ഷ, കണക്ടിവിറ്റി, ഐക്യം, പരമാധികാരം, പരിസ്ഥിതി സംരക്ഷണം എന്നിവയ്ക്കാണ് ഇന്ത്യ പ്രാധാന്യം നൽകി വരുന്നത്. ഉച്ചകോടിയിൽ പങ്കെടുക്കുന്ന ശ്രീ ജയശങ്കർ ഇന്ന് ചൈനീസ് വിദേശകാര്യമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി. യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടറസുമായും, കസാഖ് സ്ഥാൻ, റഷ്യ, ബെലാറസ്, ഉസ്ബക്കിസ്ഥാൻ, തജിക്കിസ്ഥാൻ എന്നിവിടങ്ങളിൽ നിന്നുള്ള വിദേശകാര്യമന്ത്രിമാരുമായും അദ്ദേഹം ഇന്നലെ കൂടിക്കാഴ്ച നടത്തിയിരുന്നു.

ന്യൂസ്ഡസ്ക് ആകാശവാണി...................

&&&&&&&&&&&&&&&&&&&

## JAISHANKAR – SCO SUMMIT

കസാഖ്സ്ഥാനിലെ അസ്താനയിൽ നടക്കുന്ന 24-മത് ഷാങ്ഹായ് നേതൃതല ഉച്ചകോടിയിൽ ഇന്ത്യൻ സംഘത്തെ നയിക്കുന്ന വിദേശകാര്യമന്ത്രി എസ്. ജയശങ്കർ ഇന്ന് ചൈനീസ് വിദേശകാര്യമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി.ഷാങ്ഹായ് രാജ്യങ്ങൾക്കിടയിലെ സാമ്പത്തിക സഹകരണം, സുരക്ഷ, കണക്ടിവിറ്റി, ഐക്യം, പരമാധികാരം, പരിസ്ഥിതി സംരക്ഷണം എന്നിവയ്ക്കാണ് ഇന്ത്യ പ്രാധാന്യം നൽകുന്നത്.

&&&&&&&&&&&&&&&&&&

## PM- RUSSIA VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദി ഈ മാസം 8, 9 തീയതികളിൽ റഷ്യ സന്ദർശിക്കും . 22-ാമത് ഇന്ത്യ-റഷ്യ വാർഷിക ഉച്ചകോടി നടത്തുന്നതിനായി റഷ്യൻ പ്രസിഡൻ്റ് വ്ളാഡിമിർ പുടിൻ്റെ ക്ഷണപ്രകാരമാണ് ശ്രീ മോദി മോസ്കോയിലെത്തുന്നതെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. സന്ദർശനത്തിനിടെ ഇരു നേതാക്കളും സമകാലിക പ്രാദേശിക , ആഗോള വിഷയങ്ങൾ ചർച്ച ചെയ്യും തുടർന്ന് 9, 10 തീയതികളിൽ പ്രധാനമന്ത്രി ഓസ്ട്രിയ സന്ദർശിക്കും. ഓസ്ട്രിയൻ പ്രസിഡൻ്റ് അലക്സാണ്ടർ വാൻ ഡെർ ബെല്ലനുമായി ശ്രീ മോദി കൂടിക്കാഴ്ച്ച നടത്തും . ഓസ്ട്രിയൻ ചാൻസലർ കാൾ നെഹാമറുമായി ചർച്ച നടത്തുന്ന പ്രധാനമന്ത്രി ഇരു രാജ്യങ്ങളിലെയും വ്യവസായ പ്രമുഖരെ അഭിസംബോധന ചെയ്യും.മോസ്കോയിലും വിയന്നയിലും ഇന്ത്യൻ സമൂഹവുമായും അദ്ദേഹം സംവദിക്കും.

&&&&&&&&&&&&&&&&&&

## NITI AYOG

നിതി അയോഗിന്റെ നേതൃത്വത്തിൽ രാജ്യത്ത് സമ്പൂർണതാ അഭിയാൻ പദ്ധതിക്ക് തുടക്കമായി. രാജ്യത്തുടനീളമുള്ള 112 അഭിലാഷ ജില്ലകളിലും 500 അഭിലാഷ ബ്ലോക്കുകളിലുമാണ് സമ്പൂർണതാ അഭിയാൻ സംഘടിപ്പിക്കുന്നത്. ഇന്ന് മുതൽ സെപ്റ്റംബർ 30 വരെയുള്ള മൂന്ന് മാസക്കാലയളവിലാണ് പദ്ധതി നടപ്പാക്കുക. ഗർഭകാല പരിചരണത്തിനായി രജിസ്റ്റർ ചെയ്ത ഗർഭിണികൾ, പോഷകാഹാര പരിപാടിയിൽ ഉൾപ്പെട്ട ഗർഭിണികൾ, പൂർണ്ണമായി പ്രതിരോധ കുത്തിവയ്പ്പ് എടുത്ത കുട്ടികളുടെ ശതമാനം, സോയിൽ ഹെൽത്ത് കാർഡുള്ള കർഷകർ, വൈദ്യുതീകരിച്ച സെക്കൻഡറി തല സ്കൂളുകൾ തുടങ്ങി ആറ് സൂചകങ്ങൾ അടിസ്ഥാനമാക്കിയാണ് പദ്ധതി നടപ്പാക്കുന്നത്.

&&&&&&&&&&&&&&&&&&

## NITI-CAMPAIGN

നിതീ ആയോഗിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന സമ്പൂർണതാ അഭിയാന് കേരളത്തിൽ വയനാടും, കാസർഗോഡും തുടക്കമായി. വയനാട് ജില്ലയ്ക്കും, കാസർഗോഡ് പരപ്പാ ബ്ലോക്കിനും പുറമെ ഇടുക്കി ജില്ലയിലെ അഴുത, ദേവികുളം ബ്ലോക്കുകളും, പാലക്കാട് ജില്ലയിലെ അട്ടപ്പാടി, കൊല്ലങ്കോട് ബ്ലോക്കുകളും കേരളത്തിൽ നിന്ന് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## VP– KERALA

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ രണ്ട് ദിവസത്തെ കേരള സന്ദർശനത്തിനായി ശനിയാഴ്ച തിരുവനന്തപുരത്തെത്തും. വലിയമല ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് & ടെക്നോളജിയിൽ നടക്കുന്ന ബിരുദദാന ചടങ്ങിൽ അദ്ദേഹം പങ്കെടുക്കും. മികച്ച വിജയം നേടിയ വിദ്യാർഥികൾക്കുള്ള സ്വർണമെഡലുകൾ ഉപരാഷ്ട്രപതി സമ്മാനിക്കും.

തുടർന്ന്, കൊല്ലത്തെത്തുന്ന ശ്രീ ധൻഖർ വൈകിട്ട് അഷ്ടമുടി കായലിൽ ബോട്ട് സവാരി നടത്തും. ഞായറാഴ്ച ഉപരാഷ്ട്രപതി ഡൽഹിയിലേക്ക് മടങ്ങും.

&&&&&&&&&&&&&&&&&&

## KARNATAKA ISRO

അപ്പോഫിസ് ഛിന്നഗ്രഹത്തെക്കുറിച്ച് ഇന്ത്യൻ ബഹിരാകാശ ഏജൻസി പഠനം നടത്തുമെന്ന് ഐ.എസ്.ആർ.ഒ ചെയർമാൻ എസ്. സോമനാഥ് .2029ൽ അപ്പോഫിസ് ഛിന്നഗ്രഹം ഭൂമിയോട് ഏറ്റവും അടുത്ത് എത്തുമ്പോഴായിരിക്കും പഠനം നടത്തുക. അസ്റ്ററോയിട് ദിനാചരണത്തോടനുബന്ധിച്ച് ഇന്നലെ ബാംഗ്ലൂർ ഐഎസ്ആർഒയിൽ നടന്ന പരിപാടിക്കിടെ ആകാശവാണി വാർത്തയോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&

## NIAYAMASABHA

കാര്യവട്ടം ക്യാമ്പസിലെ സംഘർഷവുമായി ബന്ധപ്പെട്ട് കേരള നിയമസഭയിൽ പ്രതിപക്ഷ ബഹളം. നടപടികൾ നിർത്തി വയ്ക്കാനുള്ള ഉപക്ഷേപത്തിന് സ്പീക്കർ അവതരണ അനുമതി നിഷേധിച്ചതിനെ തുടർന്നാണ് പ്രതിപക്ഷം സഭയിൽ പ്രതിഷേധിച്ചത്. പ്രതിപക്ഷം പ്രതിഷേധം തുടർന്നതോടെ സഭ ഉച്ചയോടെ പിരിഞ്ഞു.

&&&&&&&&&&&&&&&&&&&

## SURESH GOPI

കേരളത്തിൽ ഏറ്റവും യോഗ്യമായ സ്ഥലത്ത് തന്നെ എയിംസ് വരണം എന്നാണ് താൻ ആഗ്രഹിക്കുന്നതെന്ന് കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി. വികസനം കേരളത്തിന് മുഴുവൻ അവകാശപ്പെട്ടതാണെന്നും, അതിനുള്ള എല്ലാ ശ്രമങ്ങളും തന്റെ ഭാഗത്തുനിന്നും ഉണ്ടാകുമെന്നും തൃശ്ശൂരിലെ മണലൂർ മണ്ഡലത്തിൽ ബിജെപി പ്രവർത്തകർ നൽകിയ സ്വീകരണം ഏറ്റുവാങ്ങിക്കൊണ്ട് അദ്ദേഹം പറഞ്ഞു. കേരളത്തിൽ രാത്രിയിൽ യാത്ര ചെയ്യുന്ന സ്ത്രീകൾക്കു മുൻഗണന നൽകിക്കൊണ്ട്, 25 കിലോമീറ്റർ കൂടുമ്പോൾ വരുന്ന പെട്രോൾ പമ്പുകൾ കേന്ദ്രീകരിച്ച് ടോയ്ലറ്റ് മിനി റസ്റ്റോറന്റ് സൗകര്യത്തോടു കൂടിയ മോട്ടൽ ശൃംഖല തുടങ്ങാനുള്ള പദ്ധതിക്ക് രൂപം നൽകിയതായും, കേന്ദ്ര സഹമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&

## GEORGE KURIYAN

തിരുവനന്തപുരം മുതലപ്പൊഴിയിലെ മത്സ്യത്തൊഴിലാളികളുടെ പ്രശ്നം പരിഹരിക്കാൻ കേന്ദ്ര – സംസ്ഥാന സർക്കാരുകൾ ഒറ്റക്കെട്ടായി പ്രവർത്തിക്കുമെന്ന് കേന്ദ്രസഹമന്ത്രി ജോർജ്ജ് കുര്യൻ. മത്സ്യത്തൊഴിലാളി പ്രതിനിധികളുമായി നടത്തിയ ചർച്ചക്ക് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു കേന്ദ്രസഹമന്ത്രി.പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാനാണ് കേന്ദ്ര സർക്കാർ ശ്രമമെന്നും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## MODI- CRICKET TEAM

ട്വൻറി 20 ക്രിക്കറ്റ് ലോക കപ്പ് ജോതാക്കളായ ഇന്ത്യൻ ടീമിന് മുംബൈയിൽ ഉജ്വല സ്വീകരണം. മുംബൈയിലെ നരിമാൻ പോയിന്റിൽ നിന്ന് വാങ്കഡെ സ്റ്റേഡിയം വരെ നടത്തിയ റോഡ് ഷോയിൽ ഇന്ത്യൻ താരങ്ങളെ അഭിനന്ദിക്കാനായി പതിനായിരങ്ങളാണ് അണിചേർന്നത്. ഇന്നു രാവിലെ ഡൽഹി വിമാനത്താവളത്തിൽ ഇന്ത്യൻ ടീമിന് ഉജ്ജ്വല വരവേൽപ്പ് നൽകിയിരുന്നു. അതിന് ശേഷം പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി ന്യൂഡൽഹിയിലെ അദ്ദേഹത്തിന്റെ വസതിയിൽ ടീം കൂടിക്കാഴ്ച നടത്തി. ബി സി സി ഐ പ്രസിഡൻറ് റോജർ ബിന്നിയും സെക്രട്ടറി ജെയ് ഷായും ചേർന്ന് പ്രധാനമന്ത്രിക്ക് നമോ 1 എന്നെഴുതിയ പ്രത്യേക ജേഴ്സി സമ്മാനിച്ചു. ക്യാപ്റ്റൻ രോഹിത് ശർമ്മക്കും കോച്ച് രാഹുൽ ദ്രാവിഡിനുമൊപ്പമെത്തിയ ടീം അംഗങ്ങൾ ലോകകപ്പുമായി പ്രധാനമന്ത്രിക്കൊപ്പം ഫോട്ടോയുമെടുത്താണ് മടങ്ങിയത്. .

&&&&&&&&&&&&&&&&&&

## EURO CUP

യൂറോ കപ്പ്, കോപ്പ അമേരിക്ക ഫുട്ബോൾ ക്വാർട്ടർ ഫൈനൽ മത്സരങ്ങൾക്ക് നാളെ തുടക്കം. രാവിലെ 6.30 ന് നടക്കുന്ന അർജൻറീന-ഇക്വഡോർ മത്സരത്തോടെയാണ് കോപ്പ ക്വാർട്ടർ മത്സരങ്ങൾ ആരംഭിക്കുക. ശനിയാഴ്ച വെനസ്വേല, കാനഡയേയും, ഞായറാഴ്ച നടക്കുന്ന മത്സരങ്ങളിൽ കൊളംബിയ, പനാമയേയും, യുറുഗ്വേ ബ്രസീലിനെയും നേരിടും. യൂറോ കപ്പിൽ നാളെ രാത്രി 9.30 ന് സ്പെയിൻ ജർമ്മനിയുമായി ഏറ്റുമുട്ടും. മറ്റന്നാൾ പോർച്ചുഗൽ ഫ്രാൻസിനെയും, ഇംഗ്ലണ്ട് സ്വിറ്റ്സർലാൻറിനെയും, ഞായറാഴ്ച നെതർലാൻഡ് തുർക്കിയേയുമാണ് യൂറോകപ്പ് ക്വാർട്ടറിൽ നേരിടുക.

&&&&&&&&&&&&&&&&&&

## GREEN HYDROGEN MISSION–GUIDELINES

ദേശീയ ഹരിത ഹൈഡ്രജൻ മിഷൻ്റെ കീഴിൽ ടെസ്റ്റിംഗ് സൗകര്യങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, എന്നിവയുടെ വികസനത്തിന് ആവശ്യമായ ധനസഹായത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്രം പുറത്തിറക്കി. 2025-26 സാമ്പത്തിക വർഷം ഇരുനൂറ് കോടി രൂപ ഇതിനായി ചെലവഴിച്ചാണ് പദ്ധതി നടപ്പാക്കുകയെന്ന് ന്യൂ ആൻഡ് റിന്യൂവബിൾ എനർജി മന്ത്രാലയം അറിയിച്ചു. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോളാർ എനർജി നടപ്പിലാക്കുന്ന പദ്ധതി, ഗ്രീൻ ഹൈഡ്രജൻ്റെ ശൃംഖലയിലെ ഘടകങ്ങൾ, സാങ്കേതികവിദ്യകൾ, എന്നിവയ്ക്കായി നിലവിലുള്ള ടെസ്റ്റിംഗ്

സൗകര്യങ്ങളിലെ കുറവുകൾ നികത്താൻ സഹായിക്കും. 2029-30 സാമ്പത്തിക വർഷം വരെ 19,700 കോടി രൂപ ഇതിനായി ചെലവഴിക്കും.

&&&&&&&&&&&&&&&&&&

## RAJNATH-AUSTRALIA

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ഓസ്‌ട്രേലിയൻ ഉപപ്രധാനമന്ത്രിയും പ്രതിരോധ മന്ത്രിയുമായ റിച്ചാർഡ് മാർലസുമായി ഇന്ന് ടെലിഫോൺ സംഭാഷണം നടത്തി. പ്രതിരോധ സഹകരണവുമായി ബന്ധപ്പെട്ട നിരവധി വിഷയങ്ങൾ ഇരുവരും അവലോകനം ചെയ്തതായി ശ്രീ രാജ്നാഥ് സിംഗ് സമൂഹ മാധ്യമത്തിൽ കുറിച്ചു .

&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&
&&&&&&&&&&&&
&&&&&&&&&&
&&&&&&&&
&&&&&&
&&&&
&&&
&&
&